# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 15 No. 11 | PUBLISHED FROM DELHI | PRICE Rs. 3/- | NOVEMBER 2011

## ഐപിസി ഡൽഹി സ്റ്റേറ്റ് വർക്കേഴ്സ് കോൺഫ്രൻസും സംയുക്താരാധനയും

**ന്യൂഡൽഹി:** ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ ഡൽഹി സ്റ്റേറ്റ് വർക്കേഴ്സ് കോൺഫ്രൻസ് ഒക്ടോബർ 25 മുതൽ 29 വരെ നടന്നു. വൈകുന്നേരം സുവിശേഷ യോഗങ്ങളായിട്ടാണ് ക്രമീകരിച്ചിരുന്നത്. ഐപിസി ജനറൽ സെക്രട്ടറി റവ.ഡോ. വത്സൻ ഏബ്രഹാം, പാസ്റ്റർ പി.ടി. തോമസ് എന്നിവർ യോഗങ്ങളിൽ സംസാരിച്ചു.

ഒക്ടോബർ 30ന് നടന്ന സംയുക്താരാധനയിലും ഈ ദൈവദാസന്മാർ തന്നെയാണ് വചനശുശ്രൂഷ നിർവ്വഹിച്ചത്. അനുതപിച്ച് ദൈവഹിതം അനുസരിക്കുന്നതിലൂടെയാണ് മനുഷ്യൻ സ്വർഗ്ഗരാജ്യത്തിന്റെ അനുഭവം യാഥാർത്ഥ്യമാക്കുന്നതെന്ന് റവ. ഡോ. വത്സൻ ഏബ്രഹാം കൂടിവന്ന വിശ്വാസികളെ ഓർപ്പിച്ചു. ആരാധന ഒരു ചടങ്ങ് അല്ല പ്രത്യുത ജീവിതം തന്നെ ആരാധനയായി മാറ്റി ദൈവത്തെ പ്രസാദിപ്പിക്കണമെന്ന് പാസ്റ്റർ പി.ടി. തോമസ് ഉദ്ബോധിപ്പിച്ചു. പാസ്റ്റർ കെ. ജോയ് കർത്തൃമേശാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.




*ഐ.പി.സി. ഡൽഹി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ. ജോയി കർത്തൃമേശാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു.*

പെനിയേൽ ബൈബിൾ ട്രെയിനിങ്ങ് സെന്ററിൽ പഠനം പൂർത്തിയാക്കിയവർക്കുള്ള ബിരുദദാന ശുശ്രൂഷയും സംയുക്താരാധനയ്ക്ക് മുമ്പ് നടന്നു. വർക്കേഴ്സ് കോൺഫ്രൻസ് മയൂർവിഹാർ ഫേസ്–2 ലുള്ള ഐപിസി സഭാഹാളിൽ വച്ചും സംയുക്താരാധന മയൂർവിഹാർ ഫേസ്–2 ലുള്ള നീലാമാതാ മന്ദിറിനു എതിർവശത്തുള്ള പാർക്കിൽ വച്ചും അനുഗ്രഹപ്രദമായി നടത്തപ്പെട്ടു. ഡൽഹിയിലും പ്രാന്തപ്രദേശങ്ങളിലുമുള്ള അനേകം ശുശ്രൂഷകരും വിശ്വാസികളും ഈ യോഗങ്ങളിൽ സംബന്ധിച്ചു. പങ്കെടുത്ത എല്ലാവർക്കും ഇതൊരു ആത്മീയ നവീകരണം നൽകുന്ന അനുഭവമായി മാറി.

## മാസയോഗം നടന്നു

**അടൂർ:** 2011 ഒക്ടോബർ 22–ാം തീയതി തെങ്ങമം സഭയിൽ വച്ച് ഫെയ്ത്ത് ഫെലോഷിപ്പ് കേരളാ റീജൺ സഭകളുടെ മാസയോഗം നടന്നു. സഭാശുശ്രൂഷകൻ പാസ്റ്റർ കെ. വിനോദ് പ്രാർത്ഥിച്ചാരംഭിച്ച യോഗത്തിൽ ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാറീജൻ സെക്രട്ടറി പാസ്റ്റർ ഡി. ജോൺ സങ്കീർത്തനപ്രബോധനം നിർവ്വഹിച്ചു. തുടർന്ന് കേരളാറീജനിലെ സഭകളെ പ്രതിനിധീകരിച്ച് വിവിധ ദൈവമക്കൾ സാക്ഷ്യങ്ങൾ പ്രസ്താവിക്കുകയും വിവിധ വിഷയങ്ങൾക്കുവേണ്ടി കൂട്ടായി പ്രാർത്ഥിക്കുകയും ചെയ്തു. ഐവർകാലാ ഫെയ്ത്ത് ഫെലോഷിപ്പ് സഭാശുശ്രൂഷകൻ പാസ്റ്റർ മനോജ് മങ്ങാട് മുഖ്യ സന്ദേശം നൽകി. ഒരു വിശ്വാസി ഈ ലോകത്തിൽ പ്രവാസിയാണ്. പ്രവാസകാലത്ത് നമ്മൾ ദൈവത്തെ ഭയപ്പെട്ട് ജീവിക്കേണ്ടത് ആവശ്യമാണ് ദാനിയേലിനെപ്പോലെ വേർപാടും ദൈവഭയവും നമുക്ക് ആവശ്യമാണ്. പഴയനിയമഭക്തനായ ദാനിയേൽ ബാബിലോണിൽ പ്രവാസത്തിലായിരുന്നപ്പോഴും അവന്റെ മാളികമുറിയുടെ കിളിവാതിലുകൾ യെരുശലേമിനുനേരെ തുറന്നിരുന്നു. അതിന്റെ അർത്ഥം പ്രവാസകാലത്തും ദൈവവുമായിട്ട് ഒരു തികഞ്ഞ ആത്മീയ ബന്ധം ദാനിയേലിന് ഉണ്ടായിരുന്നു. അതുകൊണ്ട് പേർഷ്യൻ രാജധാനിയിൽ ദൈവം അവനെ മന്ത്രിമാരിൽ പ്രധാനിയാക്കി. 1 പത്രൊസ് 1:17നെ ആസ്പദമാക്കി ദൈവവചനത്തിൽ നിന്നും സംസാരിക്കുകയായിരുന്നു അദ്ദേഹം. കർത്തൃമേശാ ശുശ്രൂഷയ്ക്ക് പാസ്റ്റർ ഡി. ജോൺ നേതൃത്വം നല്കി. മാസയോഗത്തിൽ പങ്കെടുത്ത ദൈവമക്കൾക്ക് സഭാസെക്രട്ടറി ബ്രദർ എ. ലാസർ സ്വാഗതവും പാസ്റ്റർ സുമേഷ് പി. ലാസർ നന്ദിയും പ്രകാശിപ്പിച്ചു. പാസ്റ്റർ കെ. വിനോദ് പ്രാർത്ഥിച്ച് പാസ്റ്റർ ഡി. ജോൺ ആശിർവാദം പറഞ്ഞ് മാസയോഗം പര്യവസാനിച്ചു.

### പ്രതിഷേധം വ്യാപകം

# വനിതാ കോഡ് ബില്ലിനെതിരെ

♦ വിവാഹമോചനത്തിന് കോടതിക്ക് പുറത്ത് സംവിധാനം... ♦ ഗർഭഛിദ്രത്തിന് അനുവാദം... ♦ നിയമം ലംഘിച്ചാൽ തടവും പിഴയും...

**തിരുവല്ല:** സന്താന നിയന്ത്രണം അടിസ്ഥാന നയമാകുന്ന ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ കമ്മിഷൻ റിപ്പോർട്ടിനെതിരെ പ്രതിഷേധം വ്യാപകമാകുന്നു. ജീവന്റെ മൂല്യങ്ങൾക്കും സ്വകാര്യതയ്ക്കും എതിരെയുള്ള വിവാദ നിർദ്ദേശങ്ങൾക്കെതിരെ ക്രൈസ്തവ സഭകളും മറ്റ് ന്യൂനപക്ഷ സംഘടനകളും രംഗത്ത് വന്നിരിക്കുകയാണ്. രണ്ട് കുട്ടികളിൽ കൂടുതൽ ഉള്ളവരിൽ നിന്ന് പിഴ ഈടാക്കണമെന്ന് കമ്മീഷൻ കരടു ബില്ലിൽ നിർദ്ദേശിക്കുന്നു. സുരക്ഷിതമായ ഗർഭഛിദ്ര സംവിധാനം സൗജന്യമായി ആശുപത്രികളിലും മറ്റ് ആരോഗ്യ കേന്ദ്രങ്ങളിലും ഏർപ്പെടുത്തണമെന്ന വിവാദ വ്യവസ്ഥയും കരടു ബില്ലിലുണ്ട്. ഗർഭനിരോധനത്തിനുള്ള മാർഗ്ഗങ്ങളും ഉപദേശങ്ങളും വിവാഹവേളയിൽ തന്നെ നൽകണമെന്നു നിർദ്ദേശിക്കുന്നു.

കോടതിക്ക് പുറത്തുവച്ച് വിവാഹമോചനങ്ങൾ സാധ്യമാക്കുന്നതിനുള്ള നിർദ്ദേശവും ഇവർ മുന്നോട്ട് വച്ചിട്ടുണ്ട്. ഇരുകൂട്ടരുടേയും പൂർണ്ണ സമ്മതത്തോടെ വിവാഹാലോചനകൾ സാധ്യമാക്കുന്നതിന് മാര്യേജ് ഓഫീസറുടെ നിയമനവും കമ്മീഷൻ നിർദ്ദേശിക്കുന്നു. ജനസംഖ്യാനിയന്ത്രണം നിരുത്സാഹപ്പെടുത്തുന്നവരെ ശിക്ഷിക്കാനും ശുപാർശയുണ്ട്. റിപ്പോർട്ടിലെ വിവരങ്ങൾ പുറത്തു വന്നതോടെ വ്യാപക പ്രതിഷേധം ഉയർന്നിട്ടുണ്ട്. ഇതിനിടെ ബില്ല് നടപ്പാക്കാൻ പറ്റില്ലെന്ന് കേന്ദ്ര കുടുംബക്ഷേമ മന്ത്രി ഗുലാം നബി ആസാദ് പറഞ്ഞു കഴിഞ്ഞു. അപ്പോൾത്തന്നെ ജനന നിയന്ത്രണം ശുപാർശ ചെയ്യുന്ന ബില്ലിലെ ഒന്നാം അദ്ധ്യായത്തിലെ ഏതു ഭാഗവും എടുത്തുകളയാൻ ബില്ലിൽ തന്നെ വ്യവസ്ഥയുള്ളതിനാൽ വിവാദ നിർദ്ദേശങ്ങൾ നടപ്പിലാകയില്ലെന്ന റിപ്പോർട്ടുകളുമുണ്ട്.

വനിതാകോഡിനെതിരെ പെന്തക്കൊസ്തു നേതാക്കന്മാർ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

വനിതാകോഡ് ബില്ലിലെ വിവാദ നിർദ്ദേശങ്ങൾ മാനുഷിക മൂല്യങ്ങൾക്കും ക്രൈസ്തവ ധാർമ്മികതയ്ക്കും എതിരാണ്. വിവാഹമോചനം, ഗർഭഛിദ്രം തുടങ്ങിയ സാമൂഹിക തിന്മകൾക്ക് അനുവാദം നൽകുന്ന കരടുബില്ല് പിൻവലിക്കണം. സന്താന നിയന്ത്രണം നിയമംമൂലം നടപ്പിലാകുന്നത് വ്യക്തികളുടെ സ്വാതന്ത്ര്യത്തിനും സ്വകാര്യതയ്ക്കും മേലുള്ള കടന്നുകയറ്റമാണ്. ജനാധിപത്യ രാജ്യമായ ഭാരതത്തിൽ ഇത്തരം കരിനിയമങ്ങൾ ഉണ്ടാക്കുന്നതിൽ നിന്നും സർക്കാർ പിൻതിരിയണണമെന്ന് പാസ്റ്റർ എം. കുഞ്ഞപ്പി (ഓവർസിയർ, ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ്) ആവശ്യപ്പെട്ടു.

നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി ഭൂമിയിൽ നിറയുവിൻ എന്നുള്ളത് മനുഷ്യന് ദൈവം നൽകിയ അനുഗ്രഹമാണ്. മനുഷ്യർ എത്ര പെരുകിയാലും അവർക്ക് വേണ്ടതെല്ലാം ദൈവം കരുതും. ജനന നിയന്ത്രണം എന്ന വ്യവസ്ഥയോട് വിശുദ്ധ ബൈബിൾ അനുകൂലിക്കുന്നില്ല. വ്യക്തിസ്വാതന്ത്ര്യത്തിന് ദൈവം വിലക്ക് കൽപ്പിക്കുന്നില്ല. ഗർഭഛിദ്രത്തിനു നിയമ പിൻബലം നൽകുന്നത് ജീവന്റെമേലുള്ള കടന്നാക്രമണമാണ്. ഭരണാധികാരികൾക്കും അധികാരസ്ഥന്മാർക്കും വേണ്ടി ദൈവജനം ഉണർന്നു പ്രാർത്ഥിച്ചാലേ ദൈവിക പദ്ധതികൾക്കും മാനുഷിക മൂല്യങ്ങൾക്കും വില കല്പിച്ചുകൊണ്ടുള്ള ഭരണം ഇവിടെ സാദ്ധ്യമാകുകയുള്ളുവെന്ന് പാസ്റ്റർ വി.എ. തമ്പി (പ്രസിഡന്റ്, ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ്) പ്രസ്താവിച്ചു.

ഒരു കുടുംബത്തിലെത്ര കുഞ്ഞുങ്ങൾ വേണമെന്ന് തീരുമാനിക്കാനുള്ള അവകാശം മാറിമാറിവരുന്ന ഭരണാധികാരികൾക്കല്ല, പ്രസ്തുത ഭാര്യാഭർത്താക്കന്മാർക്കായിരിക്കണം. ദാരിദ്ര്യവും കഷ്ടതയും കൂടാതെ എത്ര കുഞ്ഞുങ്ങളെ വളർത്താനാകുമെന്നത് ഓരോ ദമ്പതികളും വിവേകത്തോടും വിവേചനത്തോടുംകൂടെ ദൈവത്തിലാശ്രയിച്ച് എടുക്കേണ്ട തീരുമാനമാണ്. ഇതിന്മേൽ അധികാര നിയന്ത്രണവും അവകാശ നിഷേധവും അടിച്ചേൽപ്പിക്കുന്ന നിയമങ്ങളോട് ഞങ്ങൾക്ക് പരിപൂർണ്ണ എതിർപ്പാണുള്ളത് എന്ന് പാസ്റ്റർ പി. എസ്. ഫിലിപ്പ് (സൂപ്രണ്ട്, അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട്) ചൂണ്ടിക്കാട്ടി.

ജസ്റ്റീസ് കൃഷ്ണയ്യർ ചെയർമാനായി കഴിഞ്ഞ സർക്കാർ നിയമിച്ച കമ്മീഷൻ സമർപ്പിച്ച വനിതാകോഡ് ബില്ലിലെ നിർദ്ദേശങ്ങളിൽ പലതും അധാർമ്മികവും ക്രിസ്തീയ വിശ്വാസങ്ങൾക്കും ജീവന്റെ മൂല്യങ്ങൾക്കും നേരെയുള്ള വെല്ലുവിളിയാണ്. അതിനാൽ ക്രിസ്തീയ വിശ്വാസത്തിനും മനുഷ്യാവകാശത്തിനും എതിരെയുള്ള ബില്ല് തള്ളിക്കളയേണമെന്ന് പാസ്റ്റർ ഫിലിപ്പ് പി. തോമസ് (ഐപിസി കേരളാ സ്റ്റേറ്റ് സെക്രട്ടറി) അഭിപ്രായപ്പെട്ടു.

സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ എന്നതാണ് കുടുംബത്തോടുള്ള ദൈവത്തിന്റെ നിർദ്ദേശം. ജീവൻ ദൈവത്തിന്റെ ദാനമാണ്, ജീവിതവും. ഒരിക്കലും മാനുഷിക നിയമങ്ങൾകൊണ്ട് ഇതിനെ നിയന്ത്രിക്കുക എന്നത് ക്രിസ്തീയ കാഴ്ചപ്പാടിന് വിരുദ്ധമാണ്. വർദ്ധിച്ചുവരുന്ന ജനസംഖ്യയ്ക്ക് നിയന്ത്രണമിടുവാൻ ബോധവത്ക്കരണവും അതുമായി ബന്ധപ്പെട്ടിട്ടുള്ള രീതികളും അവലംബിക്കുകയാണ് കരണീയമെന്ന് ഡോ.റ്റി.പി. ഏബ്രഹാം (ജനറൽ സെക്രട്ടറി, ശാരോൻ ഫെലോഷിപ്പ് ചർച്ച്) പ്രതികരിച്ചു.

*കടപ്പാട്: ജ്യോതിമാർഗ്ഗം*

പത്രാധിപ ലേഖനം.......

# ആഡംബരം ലാളിത്യത്തിന് വഴിമാറട്ടെ



ഇന്ത്യാ ഹ്യൂമൻ ഡവലപ്പ്മെന്റ് റിപ്പോർട്ട് 2011-ൽ കേരളം ഒന്നാമതെത്തി എന്ന വാർത്ത വരുന്നതിന് മുന്നമേ നാഷണൽ സാമ്പിൾ സർവ്വേ അഞ്ചുവർഷത്തിലൊരിക്കൽ നടത്തുന്ന പഠനത്തിന്റെ ഫലം പ്രസിദ്ധീകരിച്ചിരിക്കുന്നു. അഞ്ച് വർഷത്തിലൊരിക്കൽ നടത്തുന്ന പഠനത്തിൽ ആളോഹരി ഉപഭോഗ ചെലവിൽ ഇത്തവണയും ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കേരളമാണ്. പ്രതിശീർഷ വരുമാനത്തിന്റെ ഏറിയ പങ്ക് ആഹാരത്തിനേക്കാൾ കൂടുതൽ ഉപഭോഗ വസ്തുക്കൾക്കുവേണ്ടി ചിലവിടുന്ന ഇന്ത്യയിലെ ഏക സംസ്ഥാനവും കേരളം തന്നെ. കേരളത്തിന്റെ പ്രതിശീർഷ ചെലവാക്കൽ 2124 രൂപയാണെങ്കിൽ ദേശീയ ശരാശരി 1519 രൂപ മാത്രമാണ്. വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കുന്നതാണ് കേരളത്തിന്റെ ഈ ചെലവിടൽ രീതി. ഒക്ടോബർ 19ന് പ്രസിദ്ധീകരിച്ച ഇന്ത്യാ ടുഡേയിൽ സരിത എസ് ബാലൻ ഇതിനെക്കുറിച്ചെഴുതിയ റിപ്പോർട്ടിന്റെ തലക്കെട്ട് തന്നെ 'ആഹാരത്തെക്കാൾ മുഖ്യം ആഡംബരം' എന്നത്രെ.

കേരളത്തിന്റെ ഈ ചെലവിടൽ രീതിയിൽ ആഹ്ലാദിക്കുന്നവരും ആകുലപ്പെടുന്നവരും ഉണ്ട്. കേരളീയരുടെ വരുമാനം ഉയർന്നതിനാൽ ആണ് അവർ ഇങ്ങനെ ചിലവിടുന്നതെന്ന് പറയുമ്പോഴും കേരളം ഒരു ഉപഭോഗ സംസ്ക്കാരത്തിന് അടിമപ്പെട്ടിരിക്കുന്നു എന്നു പരിതപിക്കുന്നവർ ഏറെയാണ്. നാഷണൽ സാമ്പിൾസർവ്വേയുടെ മുൻ റൗണ്ടുകളിലും കേരളം തന്നെയായിരുന്നു ഒന്നാമതെന്നത് കേരളത്തിന്റെ ഈ ചെലവിടൽ സ്വഭാവം പണ്ട് തന്നെ രൂപപ്പെട്ടതാണെന്ന് മനസിലാക്കാം.

ആഡംബരഭ്രമം കേരള സമൂഹത്തിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ച് ഏറെ ചർച്ച ചെയ്യപ്പെടുമ്പോൾ തന്നെ ക്രൈസ്തവരുടെ ഇടയിലെ ആഡംബര ഭ്രമത്തെക്കുറിച്ചും പഠിക്കുക പ്രസക്തമായിരിക്കും. കേരളത്തിലെ വിഭവവികസനത്തിൽ കാര്യമായ പങ്ക് നിർവ്വഹിച്ചത് ക്രൈസ്തവരാണ്. അദ്ധ്വാനശീലരായ അവർ വിദ്യാഭ്യാസത്തിലും മുന്നിലാണ്. ഇത് വിദേശങ്ങളിൽ ഉയർന്ന ഉദ്യോഗങ്ങൾ കണ്ടെത്താൻ അവർക്ക് വഴിതുറന്നു. പെന്തക്കൊസ്ത് വിശ്വാസികളുടെ കാര്യവും സമാനമാണ്. പെന്തക്കൊസ്തുകാർക്ക് ഇന്നു പട്ടിണിയും പരിവട്ടവുമൊന്നുമില്ല. ഉയർന്ന വരുമാനമുള്ള പെന്തക്കൊസ്തു വിശ്വാസികൾ മെച്ചമായ ഭവനങ്ങളിൽ പാർക്കുന്നു, മുന്തിയതരം വാഹനങ്ങളിൽ സഞ്ചരിക്കുന്നു.

ആഡംബരത്തിനായ് ഇന്ന് വിശ്വാസികൾ വളരെയധികം പണം ചെലവാക്കുന്നു എന്നത് പ്രകടമായ വസ്തുതയാണ്. എന്നാൽ, ഇങ്ങനെ ചെലവാക്കുമ്പോൾ തന്നെ സമൂഹത്തിലെ സാമ്പത്തിക അവശത അനുഭവിക്കുന്നവർക്കുവേണ്ടി നമ്മുടെ കരങ്ങൾ നീട്ടപ്പെടുന്നുണ്ടോ എന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. ദൈവം നമുക്കു നൽകുന്ന സമ്പത്ത് നമ്മുടെ സ്വന്തം ആവശ്യങ്ങൾക്കായി ചിലവഴിച്ചതിന് ശേഷം സുവിശേഷ പ്രവർത്തനങ്ങൾക്കായും സഹവിശ്വാസികളുടെ ഉന്നമനത്തിനായും സമൂഹത്തിൽ സാമ്പത്തിക അരക്ഷിതാവസ്ഥ നേരിടുന്നവരുടെ സഹായത്തിനായും നൽകേണ്ടതാണ്.

ദീനാനുകമ്പയെക്കുറിച്ച് വേദപുസ്തകത്തിൽ പല വാക്യങ്ങളും ഉണ്ട്. നാം ഇതെല്ലാം വായിക്കുന്നു, പ്രസംഗിക്കുന്നു, എഴുതുന്നു. എന്നാൽ, പ്രവൃത്തി പഥത്തിൽ നാം ഇതൊന്നും തന്നെ കൊണ്ടുവരാറില്ല. നമ്മുടെ ഇടയിൽ നിലനിൽക്കുന്ന അസമത്വത്തിന്റെ കാരണം വേറെ അന്വേഷിക്കേണ്ടതില്ല. ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന സമ്പത്ത് ദൈവജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ കൂടി ആണ് എന്ന് നാം ഓർത്തിരിക്കേണ്ടതാണ്. നമ്മുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിക്കഴിഞ്ഞ് ആനാവശ്യങ്ങൾക്ക് ചെലവഴിക്കുന്നത് ആഡംബരം ആണ്. ഇന്ന് ലോകത്തിലെ സമ്പന്നർക്കൊപ്പം വിശ്വാസികളും പ്രകടനപരതയിൽ മത്സരിക്കുകയാണ്. ഇത് വളരെ തെറ്റായ ഒരു പ്രവണതയാണ്. ഇതിൽ നിന്നും ഒരു മടങ്ങിവരവ് നമുക്ക് ആവശ്യമാണ്. അങ്ങനെയല്ലാത്ത പക്ഷം, നമ്മുടെ ക്രൈസ്തവസാക്ഷ്യത്തിനേറ്റിരിക്കുന്ന മങ്ങൽ ഒന്നുകൂടി വർദ്ധിക്കുമെന്നല്ലാതെ മാറിപ്പോകുകയില്ല.

നമ്മുടെ പൂർവ്വപിതാക്കന്മാർ പട്ടിണിയും കഷ്ടതയും അനുഭവിച്ചവർ ആയിരുന്നു. ലാളിത്യം അവരുടെ മുഖമുദ്ര ആയിരുന്നു. എന്നാൽ, കാലം മാറിയപ്പോൾ അവരുടെ പിൻതലമുറ സമ്പന്നരായി ആർഭാട ജീവിതം നയിക്കുന്നവരായി മാറി. നമ്മുടെ പൂർവ്വികരെക്കുറിച്ചുള്ള ഓർമ്മ ജീവിതശൈലികളിൽ ഒരു പരിവർത്തനം വരുത്തുവാൻ നമ്മെ പ്രേരിപ്പിച്ചിരുന്നുവെങ്കിൽ എന്ന് ആശിച്ചുപോകുന്നു. അവർ ലോകപ്രകാരം സമ്പന്നരല്ലാതിരുന്നിട്ടും ആത്മീയ സമ്പത്ത് ഉള്ളവരായിരുന്നു. ഇന്നു നമ്മുടെ അവസ്ഥ മറിച്ചാണെങ്കിൽ ഒരു മടങ്ങിവരവിന് സമയം അതിക്രമിച്ചിരിക്കുകയാണ്.

ഇന്നത്തെ വിശ്വാസലോകത്തിന്റെ അവസ്ഥ മുന്നമേ കണ്ടുകൊണ്ടായിരിക്കണം കർത്താവ് ഈ ഉപമ പറഞ്ഞത്.

"പിന്നെ അവരോട്: സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞുകൊൾവിൻ; ഒരുത്തനു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത് എന്നു പറഞ്ഞു. ഒരു ഉപമയും അവരോട് പറഞ്ഞത്: ധനവാനായൊരു മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ: ഞാൻ എന്തു ചെയ്യേണ്ടു? എന്റെ വിളവു കൂട്ടിവെപ്പാൻ സ്ഥലം പോരാ എന്നു ഉള്ളിൽ വിചാരിച്ചു. പിന്നെ അവൻ പറഞ്ഞത്: ഞാൻ ഇത് ചെയ്യും; എന്റെ കളപ്പുരകളെ പൊളിച്ച് അധികം വലിയവ പണിത് എന്റെ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടിവയ്ക്കും. എന്നിട്ട് എന്നോടു തന്നെ: നിനക്ക് ഏറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തുവക സ്വരൂപിച്ചുവച്ചിരിക്കുന്നു; ആശ്വസിക്കുക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്നു പറയും. ദൈവമോ അവനോട്: മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിക്കും; പിന്നെ നീ ഒരുക്കിവച്ചത് ആർക്കാകും എന്നു പറഞ്ഞു. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു" (ലൂക്കൊസ് 12:15-21).

പ്രിയരേ, ആഡംബരം ഒഴിവാക്കി നമ്മുടെ ധനം ഉത്തമവും നിലനിൽക്കുന്നതിനുവേണ്ടിയും വിനിയോഗിക്കാം.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## സത്യവേദപുസ്തകത്തിലെ വാക്യങ്ങൾ

*(മൂന്നാം പേജിൽ നിന്ന് തുടർച്ച)*

യോഗങ്ങളുംകൊണ്ട് ഇന്നും വേറിട്ടുനിൽക്കുന്നു, ആംഗലേയ ഭാഷ അതിനെ സംപുഷ്ടമാക്കുന്ന പല പ്രയോഗങ്ങൾക്കും ബൈബിളിനോട് കടപ്പെട്ടിരിക്കുന്നു.

ഇന്നത്തെപ്പോലെ അന്നും രാഷ്ട്രീയ, മതധ്വനികളടങ്ങിയ ഒരു വിഷയമായിരുന്നു വിശുദ്ധ വചനങ്ങളുടെ പരിഭാഷപ്പെടുത്തൽ. സാധാരണക്കാർക്ക് വായിക്കാൻ പാകത്തിൽ ആണോ ഈ വിവർത്തനം എന്ന ചോദ്യം അത് പാരായണം ചെയ്യുമ്പോൾ ഉയർന്നേക്കാമെങ്കിലും ഈ തനിമയാണ് അതിന്റെ ശക്തി. യുക്തത, ലാളിത്യം, യാഥാസ്ഥിതിക ഉപദേശം എന്നിവ ആയിരുന്നു ജയിംസ് മഹാരാജാവ് നിഷ്കർഷിച്ചിരുന്നത്. പക്ഷേ, മൂല ഭാഷകളായ ഹീബ്രു, ഗ്രീക്ക്, അരാമിക് എന്നിവയിൽ നിന്നും ആംഗലേയ ഭാഷയിലേക്കുള്ള പരിഭാഷ പൂർത്തിയായപ്പോൾ വിവർത്തകർ അതിന് സംഗീതാത്മകത ചാർത്തികൊടുത്തു. പണ്ഡിതനായാലും പാമരനായാലും വായിക്കുമ്പോൾ കേൾവിക്ക് ഇമ്പവും ഹൃദയത്തിൽ തങ്ങുന്നതായി അനുഭവപ്പെടുന്ന ശൈലിയുമാണ് ഈ പരിഭാഷയ്ക്കുള്ളത്.

1885-ൽ വിക്ടോറിയൻ പണ്ഡിതർ ഇത് പരിഷ്ക്കരിച്ചപ്പോൾ അവർ ഇതിന്റെ വേറിട്ട ശൈലി നിലനിർത്തി. മറ്റ് പല ആംഗലേയ ഭാഷകളും ഇതിനോടകം നിലവിൽ വന്നെങ്കിലും കെ.ജെ.വി. യുടെ ചാരുതയാണ് ഇന്നും വായനക്കാരെ ആകർഷിക്കുന്നത്. ഇന്നിപ്പോൾ പല സവിശേഷ പതിപ്പുകളും ഇറങ്ങിത്തുടങ്ങി. ദമ്പതികൾക്ക്, സ്വവർഗ്ഗാനുരാഗികളായ പുരുഷന്മാർക്ക്, അങ്ങനെയുള്ള സ്ത്രീകൾക്ക്, ലഹരിയിൽ നിന്നും മുക്തി നേടിക്കൊണ്ടിരിക്കുന്നവർക്ക്, സാഹസിക കായികയിനങ്ങളിൽ ഏർപ്പെടുന്നവർക്ക് എന്നിങ്ങനെ ഇത് ഇനിയും നീളാം. എന്നാൽ, ഇംഗ്ലീഷ് ബൈബിൾ എന്ന് കേൾക്കുമ്പോൾ ആദ്യം സ്മരിക്കുക കിംഗ് ജയിംസ് വേർഷൻ തന്നെ ആയിരിക്കും.

ആംഗലേയ ഭാഷയിൽ ലഭ്യമായ ആദ്യത്തെ വേദപുസ്തകമായ കിംഗ് ജയിംസ് വേർഷൻ ബൈബിൾ പ്രസിദ്ധീകരിച്ചതിന്റെ 400-ാം വർഷം കൊണ്ടാടുന്ന ഈ അവസരത്തിൽ ഈ തർജ്ജിമയോട് മല്ലിട്ട് ജയിക്കാൻ മറ്റൊരു തർജ്ജിമയും ഉണ്ടായിട്ടില്ല എന്നതാണ് സത്യം.

(തുടരും...)

## നിത്യതയിൽ പ്രവേശിച്ചു

**മാഞ്ഞാലി:** മാഞ്ഞാലി ഫെയ്ത്ത് ഫെലോഷിപ്പ് സഭാംഗവും മാഞ്ഞാലി ലക്ഷംവീട് 1-ാം നമ്പർ കൃപാലയത്തിൽ ദാനിയേൽ-തങ്കമ്മ ദമ്പതികളുടെ മകനുമായ ബ്രദർ രാജു ഡി. (40) 2011 സെപ്തംബർ 25-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. 29-ാം തീയതി തിങ്കളാഴ്ച ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് മഞ്ഞാലി സഭാശുശ്രൂഷകൻ പാസ്റ്റർ വി.എം. ഏബ്രഹാം നേതൃത്വം നൽകി. പെരിങ്ങിനാട് ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് സെമിത്തേരിയിൽ നടന്ന ശവസംസ്ക്കാര ശുശ്രൂഷയ്ക്ക് ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജൻ സെക്രട്ടറി പാസ്റ്റർ ഡി. ജോൺ നേതൃത്വം നൽകി. സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുമുള്ള നിരവധിപേർ ശവസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ഭാര്യ: ലിസി. മക്കൾ: അമൽ രാജു, വിമൽ രാജു, അഖിൽ രാജു. ദൈവമക്കൾ ദു:ഖത്തിലായിരിക്കുന്ന ഈ കുടുംബത്തെ ഓർത്ത് പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വരിസംഖ്യ

വരിസംഖ്യ നിരക്ക് ഒരു വർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ്. | :10 $ |
| കാനഡ | :10 $ |

## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ, ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


## എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# സത്യവേദപുസ്തകത്തിലെ വാക്യങ്ങൾ

ഇവാ. ജോസ് മാത്യു, ഹത്തോജ്, രാജസ്ഥാൻ

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നു തുടങ്ങുന്ന 66 പുസ്തകങ്ങളടങ്ങിയ "സത്യവേദപുസ്തകം" (O.V. of B.S.I) എന്ന് നാം വിളിക്കുന്ന തിരുവെഴുത്ത് ഒരു അമൂല്യസമ്പത്തായി നിലനിൽക്കുന്നു. അഖിലാണ്ഡത്തിൽ ആദ്യമായി അച്ചടിയന്ത്രം കണ്ടുപിടിച്ച് അച്ചടിച്ച അക്ഷരങ്ങൾ ബൈബിളിന്റേതാണ്. BC 1500 മുതൽ AD 100 വരെ ഏകദേശം 1500 വർഷങ്ങൾകൊണ്ടാണ് ബൈബിൾ രചന പൂർത്തിയായത്. ദൈവത്താൽ നിയോഗിക്കപ്പെട്ട നാല്പതിയൊന്നിലധികം ഗ്രന്ഥകരന്മാർ ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ വിവിധ സ്ഥലങ്ങളിലിരുന്ന്, വ്യത്യസ്ത സാഹചര്യങ്ങളിലും അവസ്ഥകളിലും പെട്ടവർ പരസ്പര ധാരണ കൂടാതെ വ്യത്യസ്ത കാലഘട്ടങ്ങളിലിരുന്ന് എഴുതുകയായിരുന്നു. ഇവരിൽ പ്രവാചകന്മാർ, പുരോഹിതന്മാർ, രാജാക്കന്മാർ, ചരിത്രകാരന്മാർ, ആട്ടിടയന്മാർ, മുക്കുവന്മാർ, ചുങ്കക്കാർ, രാജതന്ത്രജ്ഞന്മാർ, മാഹാകവികൾ, ശാസ്ത്രിമാർ, ഉദ്യോഗസ്ഥർ, വൈദ്യന്മാർ തുടങ്ങിയവർ പട്ടണങ്ങൾ, ജയിലറകൾ, കൊട്ടാരങ്ങൾ, കുടിലുകൾ, ഗ്രാമങ്ങൾ, ദ്വീപുസമൂഹങ്ങൾ, വനാന്തരങ്ങൾ, ഗുഹകൾ, മരുഭൂമികൾ, പർവ്വതശിഖരങ്ങൾ, നദീ തടങ്ങൾ മുതലായ ഇടങ്ങളൊക്കെ ബൈബിൾ രചനയ്ക്ക് അനുയോജ്യമായിത്തീർന്നു.

ലോകത്തിലെ ഏറ്റവും സംപുഷ്ടമായ ഭാഷയായ എബ്രായ ഭാഷയിൽ പഴയ നിയമവും (ചില ഭാഗങ്ങൾ അരാമ്യ ഭാഷയിലും) ബുദ്ധിജീവികളുടെയും തത്വജ്ഞാനികളുടേതുമായ ഗ്രീക്കു ഭാഷയിൽ പുതിയ നിയമവും എഴുതപ്പെട്ടു. മറ്റുചില ഭാഷകളുടേയും സ്വാധീനം തിരുവെഴുത്തിൽ കാണുവാൻ സാധിക്കും.

BC പതിനൊന്നാം നൂറ്റാണ്ടിൽ രേഖകൾ, ചരിത്രങ്ങൾ, മുതലായ എഴുതി സൂക്ഷിച്ചിരുന്ന പുസ്തകത്തെ ബിബ്ലോസ് (Biblos) എന്നു വിളിച്ചുപോന്നു. എന്നാൽ, തുടർന്ന് ഇതിന്റെ ബഹുവചനമായ ബിബ്ലിയോൻ (Biblion) എന്നും വിളിച്ചു. രണ്ടാം ശതകത്തിൽ ലത്തിൻ ക്രിസ്ത്യാനികൾ പഴയ നിയമവും പുതിയ നിയമവും ചേർന്നുള്ള "പുസ്തകങ്ങൾ" എന്ന അർത്ഥം വരുന്ന "ബിബ്ലിയ" (Biblia) എന്ന് പേര് നൽകി. "ബിബ്ലിയ" എന്നത് ഒരു ബഹുവചന നപുംസക ശബ്ദമാണ്. എന്നാൽ, ലത്തിൻ ഭാഷയിൽ സ്ത്രീലിംഗ ഏകവചനമായിത് ഉപയോഗിക്കപ്പെട്ടു. തൽഫലമായി "പുസ്തകങ്ങൾ" എന്നത് (The Books) "പുസ്തകം" (The Book) എന്നായി മാറ്റപ്പെട്ടു. അങ്ങനെ പുസ്തകങ്ങൾ എന്ന പദപ്രയോഗത്തിന് സമാന ഗ്രീക്കുവാക്കായ "റ്റാ ബിബ്ലിയ" എന്ന് പിൽക്കാലത്ത് പ്രസിദ്ധിയാർജ്ജിച്ചു. AD 150-നോടടുത്ത് ക്ലെമന്റാണ് ബിബ്ലിയ (Biblia) അഥവാ ബൈബിൾ (Bible) എന്ന പ്രയോഗം ആദ്യമായി ഉപയോഗിച്ചത്.

മൂലഭാഷയിൽ നിന്ന് മറ്റുഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നതിന് "വേർഷൻ" (Version) അഥവാ തർജ്ജിമ എന്നുപറയുന്നു. BC 285-246 നും ഇടയ്ക്ക് ടോളമി II ഫിലദൽഫസിന്റെ (Ptolemy II Philadelphus) കാലത്ത് 70 എബ്രായപണ്ഡിതന്മാരാൽ ഗ്രീക്ക് ഭാഷയിലേക്ക് ബൈബിൾ ആദ്യമായി വിവർത്തനം ചെയ്യപ്പെട്ടു. ഈ വിവർത്തനത്തെ എഴുപത് എന്നർത്ഥമുള്ള "സെപ്റ്റജിന്റ്" (Septuagint) അഥവാ "അലക്സാണ്ട്രിയൻ വേർഷൻ" (Alexadrian Version) എന്ന് വിളിക്കുന്നു. നമ്മുടെ കർത്താവും അപ്പൊസ്തലന്മാരും ഉപയോഗിച്ചുകൊണ്ടിരുന്ന വിവർത്തനമായിരുന്നിത്.

നവീകരണത്തിന്റെ ഉദയ നക്ഷത്രം എന്നറിയപ്പെടുന്ന ജോൺ വിക്ലിഫ് 1382-ൽ ലാറ്റിൻ വൾഗേറ്റിൽ നിന്ന് ഇംഗ്ലീഷിലേക്ക് വേദപുസ്തകം വിവർത്തനം ചെയ്തു. വിക്ലിഫിന്റെ മരണശേഷം, ഏകദേശം 31 വർഷങ്ങൾ കഴിഞ്ഞപ്പോൾ റോമൻ കത്തോലിക്ക സഭ അദ്ദേഹത്തെ മരണാനന്തര വിസ്താരം നടത്തി പുറത്താക്കുകയും തുടർന്ന് ലുട്ടൻവർത്തിൽ അടക്കം ചെയ്തിരുന്ന തന്റെ അസ്ഥികൂടം മാന്തിയെടുത്ത് ചുട്ടെരിക്കുകയും ചാരം സ്വിഫ്റ്റ് നദിയിൽ ഒഴുക്കിക്കളയുകയും ചെയ്തു. വൾഗേറ്റിന്റെ ഈ തർജ്ജിമയാണ് ആംഗലേയ ഭാഷയിലെ ആദ്യത്തെ സമ്പൂർണ്ണ വേദപുസ്തകം. 1382 മുതൽ ഏകദേശം ഒന്നര നൂറ്റാണ്ടുകാലം ഇതുമാത്രമായിരുന്നു ആംഗലേയ ഭാഷയിലുണ്ടായിരുന്ന സമ്പൂർണ്ണ ബൈബിൾ.

**വിഭജനം**

ബൈബിളിനെ പുതിയ നിയമം എന്നും പഴയ നിയമം എന്നും രണ്ടായിതിരിച്ചിരിക്കുന്നു. ഇപ്രകാരമുള്ള വിഭജനം ഉണ്ടായത് രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ്. പഴയ നിയമം (Old Testment) എന്ന പ്രയോഗം 2 കൊരിന്ത്യർ 3:14ന്റെ അടിസ്ഥാനത്തിലും, പുതിയ നിയമം (New Testment) എന്ന വാക്ക് മത്തായി 26:28ന്റെ വെളിച്ചത്തിലും ആണ് നിലവിൽ വന്നത്. പഴയ നിയമത്തിൽ 39 പുസ്തകങ്ങളും പുതിയ നിയമത്തിൽ 27 പുസ്തകങ്ങളും ഉണ്ട്.



ബൈബിളിന്റെ ആദ്യ പ്രതികളിൽ അദ്ധ്യായങ്ങളോ, വാക്യങ്ങളോ മറ്റ് ഇതര വിഭജനങ്ങളോ ഇല്ലായിരുന്നു. പിൽക്കാലത്ത് ക്രമീകൃതമായ പഠനത്തിനായി അദ്ധ്യായങ്ങളായും വാക്യങ്ങളായും വിഭജിക്കുകയുണ്ടായി. വേദപുസ്തകത്തെ അദ്ധ്യായങ്ങളായി വിഭജിച്ചത് ആർച്ച് ബിഷപ്പ് സ്റ്റീഫൻ ലങ്സ്റ്റോൺ (Stephen Langton) ആണ്. അദ്ദേഹം 1228-ൽ അന്തരിച്ചു. എന്നാൽ, 1250-ൽ കർദിനാൾ ഹ്യൂഗോ സെൻദുവർ എന്നയാൾ ലത്തിൻ ബൈബിളിന്റെ, ഇന്ന് നാം കാണുന്നതുപോലെ, അദ്ധ്യായങ്ങളായി തിരിച്ചു. ഇതിന് പാരീസ് ബൈബിൾ എന്ന് പേര് നൽകി. പഴയ നിയമത്തിൽ ഇന്നു കാണുന്നതുപോലുള്ള വാക്യവിഭജനം നടത്തിയത് 1448-ൽ റബ്ബി നാഥാൻ (Rebbi Nathan) ആണ്. 1550-ൽ പാരീഷ് പ്രിന്റർ ആയിരുന്ന റോബർട്ട് സ്റ്റീഫൻ (Robert Stephen) കൂടുതൽ ദൈർഘ്യമുള്ള വാക്യങ്ങളായി വിഭജിച്ച് ഗ്രീക്ക് പുതിയ നിയമം പ്രസിദ്ധീകരിച്ചു. അതിനുശേഷം 1555-ൽ വാക്യങ്ങളും അദ്ധ്യായങ്ങളും ചേർത്ത് മുഴുബൈബിൾ ആദ്യമായി പ്രിന്റ് ചെയ്തു. ഈ ബൈബിളാണ് വൾഗേറ്റ് (Valgate) എന്ന നാമത്തിൽ അറിയപ്പെട്ടത്. പിന്നീട് റോബർട്ട് സ്റ്റീഫന്റെ പുത്രനായ ഹെന്റി സ്റ്റീഫൻ ബൈബിൾ ഇന്നത്തെ രൂപത്തിലാക്കി. 1560-ൽ ജോൺ കാൽവിന്റെ പെങ്ങളുടെ ഭർത്താവായിരുന്ന വില്ല്യം വിറ്റിങ്ഹാം (William Whitting ham) തന്റെ സഹപണ്ഡിതന്മാരോടൊപ്പം അദ്ധ്യായങ്ങളുടേയും വാക്യങ്ങളുടേയും വിഭജനങ്ങളോട് കൂടിയ ബൈബിൾ ആംഗലേയ ഭാഷയിൽ ആദ്യമായി പുറത്തിറക്കി. ഇതിനെ ജനീവ ബൈബിൾ (Geneva Bible) എന്നു പറയുന്നു. ഷേക്സ്പിയർ, ജോൺ ബനിയൻ, ഒലിവർ ക്രോംബൻ മുതലായവരൊക്കെയും വായിച്ചിരുന്നത് ഈ ബൈബിളായിരുന്നു. അപ്പോക്രിഫാഗ്രന്ഥങ്ങളെ ഒഴിവാക്കിയ ആദ്യത്തെ ആംഗലേയ വിവർത്തനമാണിത്. അദ്ധ്യായ വിഭജനങ്ങളുടെ അടിസ്ഥാനത്തിൽ 66 പുസ്തകങ്ങളും 1189 അദ്ധ്യായങ്ങളും 31173 വാക്യങ്ങളും ഉള്ള ബൈബിൾ ഇതാണ്. ഈ ബൈബിൾ ഇന്ന് ഭൂലോകത്ത് ആരും തന്നെ ഉപയോഗിക്കുന്നില്ല.

**ജയിംസ് മഹാരാജാവിന്റെ വിവർത്തനം**

ജയിംസ് മഹാരാജാവ് കിരീടധാരണത്തിനായി ലണ്ടനിലെത്തിയപ്പോൾ, രാജാവിന് പ്യൂരിറ്റൻ പാതിരിമാർ ഒരു നിവേദനം സമർപ്പിച്ചു. ഈ നിവേദനം ആയിരംപേർ ഒപ്പിട്ടതായിരുന്നു. ഈ നിവേദനത്തെ "മില്ലിനറി പെറ്റിഷൻ" എന്നാണ് വിളിക്കുന്നത്. എല്ലാ കക്ഷികൾക്കും സ്വീകാര്യമായ ഒരു അംഗീകൃത ബൈബിൾ വേണമെന്നുള്ളതായിരുന്നു നിവേദനത്തിന്റെ ഉള്ളടക്കം. ഇതിൻപ്രകാരം 1604-ൽ ജനുവരി 14-16 വരെ മൂന്ന് ദിവസത്തേക്ക് ഹാംടൻ കോർട്ട് കോൺഫ്രൻസ് (Hampton Court Conference) എന്ന പേരിൽ ഒരു വലിയ സമ്മേളനം നടത്തുകയുണ്ടായി. ഇതിൽ വച്ച് കോർപസ് ക്രിസ്റ്റി കോളജി(Corpus Christi College)ന്റെ പ്രസിഡന്റ് ഡോ. ജോൺ റെയ്നോൾഡ്സ് (Dr. John Reynolds) നിലവിലുള്ള ഒരു ബൈബിളിന് ഒരു പുതിയ തർജ്ജിമയുടെ ആവശ്യം ഉണ്ടെന്നു പ്രസ്താവിച്ചു. കാരണം ദിനംതോറും നടന്നുകൊണ്ടിരുന്ന ഇംഗ്ലീഷ് തർജ്ജിമകളിൽ ഏതാണ് ഏറ്റവും മികവുള്ളതെന്ന ചോദ്യത്തിന് തൃപ്തികരമായ ഉത്തരമായിരുന്നില്ല ജനങ്ങളിൽ നിന്നും ലഭിച്ചിരുന്നത്. ഈ തർജ്ജിമകളിൽ എല്ലാംതന്നെ പലവിധ കുറവുകളുണ്ടെന്നു ജനങ്ങൾ ബോധ്യപ്പെടുത്തി. ആകയാൽ, ഈ കുറവുകൾ പരിഹരിച്ച് ഒരു പുതിയ തർജ്ജിമ രൂപീകരിക്കണം എന്ന ജോൺ റെയ്നോൾസിന്റെ അഭിപ്രായത്തോട് മിക്കവാറും എല്ലാവരും താല്പര്യം പ്രകടിപ്പിച്ചു. ആയതിനാൽ, ഈ പുതിയ തർജ്ജിമയുടെ പൂർണ്ണ ഉത്തരവാദിത്വത്തിനായി എബ്രായ ഗ്രീക്കുപണ്ഡിതന്മാരായ 47 പേർ അടങ്ങുന്ന ഒരു കമ്മിഷനെ നിയമിച്ചു. ഇവർ 1607-ൽ തർജ്ജിമ ആരംഭിക്കുകയും 1610-ൽ പൂർത്തീകരിക്കുകയും ചെയ്തു. അങ്ങനെ എബ്രായ ഗ്രീക്കു ഭഷകളിൽ എഴുതപ്പെട്ട ബൈബിളിന്റെ ഏറ്റവും മഹത്തായ ഇംഗ്ലീഷ് പരിഭാഷയാണ് 1611-ൽ പ്രസിദ്ധീകരിച്ച കിംഗ് ജയിംസ് വേർഷൻ (King James Version). ആംഗലേയ ഗദ്യസാഹിത്യത്തിലെ ഒരു ഉത്തമ സൃഷ്ടിയാണ് ജയിംസ് മഹാരാജാവിന്റെ ഈ വേദപുസ്തക പരിഭാഷ. ഇത് തനതായ ഭാഷാശൈലിയും പ്ര

(ശേഷം രണ്ടാം പേജിൽ)

# കള്ളൻ കവർന്ന ക്രിസ്തു

(നാലാം പേജിൽ നിന്ന് തുടർച്ച)

ഗത്ശമനയിലെ രാത്രി. വിധി നിർണ്ണയത്തിനായി വിധികർത്താക്കളുടെ മുമ്പിൽ യേശു മൗനമായി നിന്നു. എല്ലാവരും ഒടുവിൽ പറഞ്ഞു ഇവനിൽ ഒരു കുറ്റവും ഇല്ല. എന്നിട്ടും ഏ.ഡി. 26 മുതൽ 36 വരെ യെഹൂദാഗവർണ്ണറായിരുന്ന പൊന്തിയോസ് പീലാത്തോസ് ബറബ്ബാസിനെ സ്വതന്ത്രനാക്കി, ദൈവപുത്രനെ ക്രൂശിക്കുവാൻ വിട്ടുകൊടുത്തു. തലയിൽ മുൾകിരീടം ചൂടി ദേഹമാസകലം ചാട്ടവാറടിയുടെ വേദനയുമായി ഭാരമേറിയ ക്രൂശ് ചുമന്നുകൊണ്ട് ഗോൽഗോഥാ എന്ന സ്ഥലത്തേക്ക് നീങ്ങുന്ന ചിത്രം സുവിശേഷകന്മാർ തങ്ങളുടെ എഴുത്തുകളിൽ വിവരിച്ചിരിക്കുന്നു. യെഹൂദാ പാരമ്പര്യമനുസരിച്ച് ആദാമിന്റെ തലയോട് സംസ്ക്കരിച്ച, തലയോടിന്റെ ആകൃതിയിലുള്ള ഒരു കൊലക്കളമായിരുന്നു ഗോൽഗോഥ അഥവാ കാൽവറി. അവിടെ അവർ യേശുവിനെ രണ്ടു കള്ളന്മാരുടെ നടുവിൽ ക്രൂശിച്ചു. ഒരുവൻ, മദ്ധ്യത്തിൽ ക്രൂശിക്കപ്പെട്ട യേശുവിനെ തള്ളിപ്പറയുമ്പോൾ വേദനയുടെ മദ്ധ്യത്തിലും അപരൻ യേശുവിനെ ശ്രദ്ധിച്ചുനോക്കുകയായിരുന്നു. നാമും നമ്മുടെ വേദനയുടെയും നിരാശയുടെയും പരാജയത്തിന്റെയും മദ്ധ്യത്തിൽ ഏക മദ്ധ്യസ്ഥനായ യേശുവിനെ ശ്രദ്ധിച്ചുനോക്കണം. അവന്റെ ശ്രദ്ധയേറിയ നോട്ടത്തിൽ ചില യാഥാർത്ഥ്യസത്യങ്ങൾ അവൻ മനസ്സിലാക്കി. കൂടെ ക്രൂശിക്കപ്പെട്ടുകിടക്കുന്ന ക്രിസ്തു തങ്ങളെപ്പോലെ തെറ്റുചെയ്തിട്ട് ശിക്ഷ അനുഭവിക്കുകയല്ലെന്നും അവൻ രാജാവായി മടങ്ങിവരുന്നവനാണെന്നും, ഓർക്കുവാൻ കഴിവുള്ളവനാണെന്നും അവൻ ഗ്രഹിച്ചു. ആ കള്ളന്റെ വേദനയുടെ മദ്ധ്യത്തിലെ ഈ അറിവുകൾ അവനെ വിലപിടിപ്പുള്ള ഒരു മോഷണവസ്തുപോലെ യേശുവിലേക്ക് ആകർഷിച്ചു. കള്ളന്റെ സ്വഭാവം എപ്പോഴും കവരുക എന്നതാണ്. ക്രൂശിൽ കിടന്നിട്ടും മരണമെന്ന അനുഭവത്തെ മുന്നിൽ കണ്ടിട്ടും അവസാനശ്വാസം നിലയ്ക്കുന്നതിനുമുമ്പ് വരെയും ആ കള്ളൻ അവന്റെ ജോലി തുടർന്നു. ലോകത്തിന്റെ രക്ഷകനായ യേശുവിന്റെ മനസ്സ് കവർന്ന കള്ളനായി അവൻ ഇന്നും അറിയപ്പെടുന്നു. നമുക്ക് യേശുവിന്റെ മനസ്സു കവരുവാൻ സാധിക്കുമോ?

# സംഗീതവും സുവിശേഷവും

(നാലാം പേജിൽ നിന്ന് തുടർച്ച)

ത്ത പ്രവണത. വേദപുസ്തക ഉപദേശങ്ങൾക്ക് ഘടകവിരുദ്ധമായ ഉപദേശങ്ങളടങ്ങിയ ഗാനങ്ങളും ഇല്ലാതെയില്ല. ഇവിടെ നമുക്ക് നഷ്ടമായിരിക്കുന്നത് സംഗീതത്തിന് സമൂഹമനസ്സുകളിലുള്ള സ്വാധീനത്തെക്കുറിച്ചുള്ള അറിവാണ്. ഹൃദയഭാഷയിൽ വചനമെത്തിക്കുവാൻ നമുക്ക് കഴിഞ്ഞെങ്കിൽ! ജനങ്ങളുടെ ഹൃദയങ്ങൾ ഏറ്റുവാങ്ങുന്ന സംഗീതം നൽകുവാൻ നമുക്ക് കഴിയുന്നില്ല. സാമ്രാജ്യത്തിന്റെ മുറിവുണങ്ങാത്ത ഇന്ത്യൻ മണ്ണിൽ സാമ്രാജ്യത്വ തിരസ്കരണത്തിന്റെ പ്രതീകമായി നമ്മുടെ സംഗീതം ഉപയോഗിക്കപ്പെടണം. കാലത്തിനും സാഹചര്യത്തിനും സംസ്ക്കാരത്തിനും അനുയോജ്യവും അനുരൂപവുമായ ദൈവശാസ്ത്രം പ്രചരിപ്പിക്കുന്ന ചാലകങ്ങളായി ക്രൈസ്തവ സംഗീതം മാറണം. സംഗീതം ഒരു വിഭാഗത്തിന് വേണ്ടി മാത്രമുള്ളതായി മാറുമ്പോൾ ആരാധനകൾക്ക് ജീവൻ നഷ്ടമാകുന്നു. എല്ലാവരും ഒരുമിച്ച് പങ്കെടുക്കുമ്പോൾ അത് ദൈവത്തിന് പ്രസാദമായിത്തീരുന്നു. സുവിശേഷ ഘോഷണത്തിനും, ആരാധനയ്ക്കും, ആസ്വാദനത്തിനും, സൗഖ്യത്തിനും സർവ്വോപരി ദൈവനാമമഹത്വത്തിനും ക്രൈസ്തവ സംഗീതം കാരണമായിത്തീരണം. സംഗീതം മനുഷ്യ മനസ്സുകളിലാണ് സ്വീകരിക്കപ്പെടുന്നത്. ആ മനസ്സുകളിൽ അവർക്ക് പരിചിതവും ഹൃദയഹാരിയുമായ രാഗങ്ങളിൽ ക്രിസ്തു സ്നേഹത്തിന്റെ സന്ദേശമെത്തുമ്പോൾ അത് അംഗീകരിക്കപ്പെടുന്നു, കർണ്ണകഠോരമായി പതിക്കുമ്പോൾ തിരസ്ക്കരിക്കപ്പെടുന്നു. ഇവിടെ നാം വിജയിച്ചാൽ അനേകരിലേക്ക് ക്രിസ്തുവിന്റെ സന്ദേശം സംഗീതത്തിലൂടെ പകരുവാൻ ഇനിയും നമുക്ക് കഴിയും.

i. http://en.wikipedia.org/wiki/Music
ii. John Blanchard, Pop goes the Gospel (Hertfordshire:Evangelical Press, 1989), 93.
iii. ലൂക്കോസ് 2:13-14

(bijubenjamin@gmail.com)

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 09 - 11
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website: www.indianchristianmission.com

# കള്ളൻ കവർന്ന ക്രിസ്തു



ഇവാ. സുമേഷ് പി. ലാസർ
തെങ്ങമം

ആധുനികതയുടെയും വിവരസാങ്കേതിക വിദ്യയുടേയും നെറുകയിൽ എത്തിനില്ക്കുകയാണ് ഇന്നത്തെ ലോകം. കാളവണ്ടി യുഗത്തിൽ നിന്നും കംപ്യൂട്ടർ യുഗത്തിലേക്കും മാത്രമല്ല, കംപ്യൂട്ടർ യുഗത്തിൽ നിന്നും നാനോ ടെക്നോളജിയുടെ യുഗത്തിലേക്കും നമ്മുടെ സംസ്ക്കാരം വളർന്നിരിക്കുന്നു. എല്ലാറ്റിനും മാറ്റം വന്നിരിക്കുന്നു. എല്ലായിടവും വ്യത്യാസം നിറഞ്ഞിരിക്കുന്നു. ഗ്രാമങ്ങൾ പട്ടണങ്ങളുടെ സുന്ദരമായ അനുഭവങ്ങൾക്കുവേണ്ടി വഴിമാറുന്നു. പഴയ സംസ്ക്കാരങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉത്സവങ്ങളും പുതിയ തലമുറക്ക് പുതുതായി തോന്നുന്നു.

അന്നും ഇന്നും മാറ്റം വരാതെ നിലകൊള്ളുന്ന ഒരു സമൂഹമാണ് കള്ളന്മാർ. മോഷണവും കൊള്ളയും കവർച്ചയും പ്രധാന തൊഴിലാക്കിയ തൊഴിലാളികളാണ് കള്ളന്മാർ. *കെപ്റ്റിസ്* എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം മോഷ്ടാവ് അല്ലെങ്കിൽ കവർച്ചക്കാരൻ എന്നാണ്. രഹസ്യമായി മറ്റാരുടെയും ശ്രദ്ധയിൽപെടാതെ രാത്രിയിലാണ് കള്ളന്മാർ മോഷ്ടിക്കുന്നത്. ആധുനിക ലോകത്തിൽ വിവിധനിലവാരത്തിലുള്ള മോഷണപരമ്പരകൾ വർത്തമാനകാലമാധ്യമങ്ങളിൽ നിറഞ്ഞുനില്ക്കുന്നു.

ഈ ഒരു സാഹചര്യത്തിൽ ഒരു കള്ളന്റെ മനസ്സിൽ ഒരു നല്ല ആത്മീയ മനുഷ്യന്റെ മനസ്സുണ്ടായി. ആരാണ് ആ കള്ളൻ? ന്യായപ്രമാണത്തിൻ കീഴിലുള്ള നിയമപ്രകാരം കഠിനശിക്ഷ അനുഭവിച്ച് വേദനയിൽ മരണത്തെ മുഖാമുഖം കണ്ടുനില്ക്കുന്ന ക്രൂശിലെ കള്ളൻ! മോഷ്ടിക്കാതെ കവർച്ച ചെയ്യാതെ നിരപരാധിയായിരുന്നിട്ടും നീചമായ ക്രൂശുമരണത്തിന് വിധിക്കപ്പെട്ട യേശുവിന്റെ ക്രൂശ് അവന്റെ തീരാവേദനയിലും അവനെ ആകർഷിച്ചു. ക്രൂശിതനായ യേശുവിന്റെ ക്രൂശിന് മറ്റൊരുവന്റെ വേദന മാറ്റാൻ കഴിയുന്നു. ക്രൂശ് ഏറ്റവും നിന്ദ്യമായിരുന്നെങ്കിലും ആ കള്ളന്റെ ദൃഷ്ടിയിൽ യേശുവിന്റെ ക്രൂശ് അമൂല്യമായ നിധിയായി മാറി. അപമാനത്തിന്റെയും താഴ്ചയുടേയും പ്രതിബിംബമാണ് ക്രൂശ്. യെഹൂദന്മാർക്ക് അത് ശാപത്തിന്റെ അടയാളമാകുമ്പോൾ ക്രിസ്തു ഈ അപമാനത്തെ അലക്ഷ്യമാക്കി ക്രൂശിനെ സഹിച്ചു. അതുകൊണ്ട് രക്ഷകനായ യേശുവിലൂടെയുള്ള രക്ഷയുടെ പ്രതീകമാണ് ക്രൂശ്. എല്ലാറ്റിനും ഉപരിയായി ക്രിസ്തുവിനോടുള്ള ഐക്യത്തിന്റെ അടയാളമാണ് ക്രൂശ്. മുഴുലോകവും കള്ളന്മാരും പാപികളുമായി തീർന്നപ്പോൾ കള്ളനല്ലാത്ത ഒരു വ്യക്തി കള്ളനെപ്പോലെ കള്ളന്മാർക്കുവേണ്ടി ക്രൂശിക്കപ്പെട്ടു. ഈ ചിത്രം ആ കള്ളനെയും പശ്ചാത്താപത്തിലേക്ക് നയിച്ചു.

> **യേശുവിനെ പരിചയപ്പെടുത്തേണ്ടവർ, മറ്റുള്ളവർക്ക് മാതൃകയായി കാട്ടികൊടുക്കേണ്ടവർ യേശുവിനെ ക്രൂശിക്കുവാൻ കൂട്ടു നില്ക്കുന്ന കദനകഥ ഇന്നിന്റെ ലോകത്തിലും പ്രസക്തമായ സംഗതിയാണ്**

ഇന്നേക്ക് 2011 വർഷങ്ങൾക്ക് മുൻപ് കിരാതന്മാരായ റോമൻ പടയാളികൾ ലോകത്തിന്റെ രക്ഷകനെ കൈയ്യാമം വെച്ച് ബന്ധിച്ച ഭീകരമായ രാത്രി, ആത്മിക മനുഷ്യന്റെ മനസ്സിൽ ഇന്നും മായാതെ നില്ക്കുന്ന ഒരു ചരിത്ര സത്യമാണ്. കൂടെ നടന്ന ഒരുവൻ 30 വെള്ളിക്കാശിന്, ഒരുചുടുചുംബനംകൊണ്ട് മഹാപുരോഹിതന്മാർക്ക് കാട്ടികൊടുത്തു. യേശുവിനെ പരിചയപ്പെടുത്തേണ്ടവർ, മറ്റുള്ളവർക്ക് മാതൃകയായി കാട്ടികൊടുക്കേണ്ടവർ യേശുവിനെ ക്രൂശിക്കുവാൻ കൂട്ടു നില്ക്കുന്ന കദനകഥ ഇന്നിന്റെ ലോകത്തിലും പ്രസക്തമായ സംഗതിയാണ്. ജീവൻ കൊടുക്കുവാൻ തയ്യാറായി മുമ്പോട്ടുവന്നിരുന്ന ശിഷ്യന്മാർ ഭയന്ന് ഓടിയൊളിച്ച രാത്രിയായിരുന്നു

(ശേഷം മൂന്നാം പേജിൽ)

വേദവിചാരം

# സംഗീതവും സുവിശേഷവും



പാസ്റ്റർ ബിജു ബഞ്ചമിൻ

സപ്തസ്വരങ്ങളുടെ സമന്വിതവും സമയകൽപ്പിതവുമായ സംപ്രേക്ഷണമാണ് സംഗീതം. മനുഷ്യന് ദൈവം നൽകിയ അമൂല്യ സമ്മാനങ്ങളിലൊന്നാണത്. മനുഷ്യനുണ്ടായനാൾ മുതൽ തന്നെ സംഗീതവുമുണ്ടായി. പ്രകൃതിയുടെ വിലാസ ലോല ഭാവങ്ങൾ മനുഷ്യ മനസ്സിലുണ്ടാക്കിയ വികാരങ്ങളുടെ ബഹിർ സ്ഫുരണമായിരുന്നു സംഗീതം. അവരുടെ ഹൃദയമിടിപ്പിലും രക്തചംക്രമണത്തിലും നാഡീസ്പന്ദനത്തിലും വർണ്ണനാതീതമായ ലയ താള വിന്യാസവുമായി സംഗീതം നിറഞ്ഞു നിന്നു. മനുഷ്യ വളർച്ചയ്ക്കൊപ്പം സംഗീതവും വളർന്നു. പ്രപഞ്ചത്തിലാകമാനം അതിന്റെ പദവിന്യാസങ്ങൾ മുഴങ്ങി. ശബ്ദവും നിശബ്ദതയും മാധ്യമങ്ങളാവുന്ന കലാരൂപമാണ് സംഗീതം.

സംഗീതം എന്ന വാക്ക് യവന ഭാഷയിലെ മൗസിക്കേ (Mousike)എന്ന പദത്തിൽ നിന്നുമാണ് വന്നത്. കാവ്യദേവതമാരുടെ കല (Art of Muses) എന്നാണതിന്റെ അർത്ഥം. സംഗീതത്തിന്റെ സൃഷ്ടി, അവതരണം, പ്രാധാന്യത, നിർവ്വചനം എന്നിവ സാമൂഹിക, സാംസ്ക്കാരിക പശ്ചാത്തലങ്ങളനുസരിച്ച് മാറുന്നതാണ്. ഇരുപതാം നൂറ്റാണ്ടിലെ സംഗീത സംവിധായകരിലൊരാളായ ജോൺ കേജിന്റെ (John Cage) ചിന്തയിൽ ഏതു ശബ്ദവും സംഗീതമാവാം. സംഗീതജ്ഞാനിയായ ജീൻ ജാക്വസ്സ് നാറ്റിയസ്സ് (Jean Jaques Nattiez) ഉത്തരാധുനിക ആപേക്ഷിക കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഇങ്ങനെ പറയുന്നു, സംഗീതവും ശബ്ദവും തമ്മിലുള്ള അതിർ നിശ്ചയിക്കുന്നത് പ്രാദേശിക സംസ്ക്കാരങ്ങളാണ്. സംഗീതം എന്താണെന്ന് വിവരിക്കുവാൻ സാർവ്വലൗകീകവും അന്തർ സംസ്ക്കാരികവുമായ ഏകകങ്ങളില്ല (i). വർഗ്ഗ, വർണ്ണ, രാഷ്ട്ര, ഭൂഖണ്ഡ സീമകൾക്ക് അതീതമാണ് സംഗീതം. അക്ബർ ചക്രവർത്തിയുടെ ദർബ്ബാറിൽ ദീപക് രാഗം പാടി വിളക്കു തെളിയിച്ച താൻസൻ, അന്ധയായ ബാലികയ്ക്ക് തന്റെ സിംഫണിയിലൂടെ നിലാവ് കാട്ടിക്കൊടുത്ത ബീഥോവൻ തുടങ്ങിയവർ സംഗീത സാമ്രാജ്യത്തിൽ വ്യക്തിമുദ്രപതിപ്പിച്ചവരാണ്. വിദ്വേഷവും പകയും വിധ്വംസക പ്രവർത്തനങ്ങളും കുലംകുത്തിയൊഴുകുന്ന സമകാലിക സാഹചര്യത്തിൽ ആർക്കും സ്വീകാര്യമായ വിശ്വ സ്നേഹത്തിന്റെ സാർവ്വലൗകീക ഭാഷയായി സംഗീതം നിലകൊള്ളുന്നു.

പുരാതന ലോകത്തിന്റെ സംഗീത ചരിത്രത്തിന് വിശദമായ വിവരണങ്ങൾ നൽകുന്ന പ്രധാന ശ്രോതസ്സാണ് വേദപുസ്തകം. സംഗീതത്തെക്കുറിച്ചും സംഗീതക്കാരെക്കുറിച്ചും, സംഗീത ഉപകരണങ്ങളെക്കുറിച്ചും അഞ്ഞൂറിൽ കുറയാത്ത പരാമർശങ്ങളാണ് വേദപുസ്തകം നൽകുന്നത് (ii). എബ്രായരുടെ പ്രതിവചന പ്രാർത്ഥനകൾ സംഗീതത്തിന്റെ സമൃദ്ധമായ പാരമ്പര്യം പേറുന്നവയാണ്. യൂബാൽ കിന്നരവും വേണുവും പ്രയോഗിക്കുന്ന എല്ലാവർക്കും പിതാവായിത്തീർന്നു (ഉൽപ്പത്തി 4:21) എന്ന പ്രാരംഭ പരാമർശം മുതൽ വെളിപ്പാടുപുസ്തകത്തിൽ വരെ സംഗീതം നിറഞ്ഞൊഴുകുന്നു. ലോകം ഇന്നേവരെ കേട്ടിട്ടുള്ളതിൽ ഏറ്റവും അതുല്യമായ സംഗീതം യേശുവിന്റെ ജനനത്തിങ്കൽ മാലാഖമാർ പാടിയ സ്വർഗ്ഗീയ സംഗീതം (iii) ആയിരിക്കണം. ആ സംഗീത ധാര ആദിമ വിശ്വാസികളിലും പിന്നീട് ക്രൈസ്തവസഭയിലും വായ്പ്പാട്ടിലൂടെയും വാദ്യോപകരണങ്ങളിലൂടെയും സംസ്ഥാപിക്കപ്പെട്ട് പോന്നു.

നമ്മുടെ രാജ്യമായ ഭാരതത്തിനും അതിന്റേതായ സംഗീത പാരമ്പര്യമുണ്ട്. ലോകത്തിലെ തന്നെ ഇടമുറിയാത്ത സംഗീത പാരമ്പര്യങ്ങളിലൊന്നാണത്. വിഭിന്ന സംസ്ക്കാരങ്ങൾ, വർഗ്ഗങ്ങൾ, ജനവിഭാഗങ്ങൾ തമ്മിലുള്ള സങ്കീർണ്ണങ്ങളായ സന്നിവേശങ്ങളിൽ നിന്നും ആവിർഭവിച്ചവയാണത്. ഭാരതത്തിന് മാത്രം അവകാശപ്പെടാവുന്ന അനവധി സംഗീത ഉപകരണങ്ങളുണ്ട്. രാഗ താള ബന്ധിതമായ ഭാരതീയ സംഗീതത്തെ പാശ്ചാത്യർ വളരെയേറെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

യേശുവിന്റെ സന്ദേശം വൻകരകളിലെത്തിയത് സംഗീതത്തിന്റെ അകമ്പടിയോടെയായിരുന്നു എന്ന് ചരിത്രം പറയുന്നു. ഭാരതത്തിലെത്തിയ പ്രേഷിതവര്യർ പ്രാദേശിക ഭാഷകളിൽ പഠനം നടത്തുകയും, വിവർത്തനങ്ങളും ഒപ്പം ഗാനങ്ങളും ചിട്ടപ്പെടുത്തുകയും ചെയ്തു. മലയാള ക്രൈസ്തവരുടെ പ്രിയ ഗാനമായ 'സമയമാം രഥത്തിൽ' വിദേശമിഷണറി എഴുതിയതാണെന്ന് അധികം പേർക്കും അറിയാം. ആഴമേറിയ ക്രിസ്തീയ അനുഭവങ്ങൾക്കുടമകളായ ഗാനരചയിതാക്കൾക്കും സംഗീതസംവിധായകർക്കും ക്രൈസ്തവ കൈരളി എന്നും ജന്മം നൽകിയിട്ടുണ്ട്. അവരുടെ തൂലികയിൽ നിന്നടർന്നുവീണ ലളിത പദാവലികൾ എത്രയോ പേരെ ആത്മാവിൽ പുളകമണിയിച്ചിട്ടുണ്ട്, ആ സംഗീത പുഷ്പങ്ങൾ എത്രയോ ജീവിതങ്ങളിൽ സൗരഭ്യം പകർന്നിട്ടുണ്ട്. കാലത്തെ അതിജീവിക്കുന്ന ആത്മിക അനുഭവങ്ങൾ തീർത്ത അക്ഷരഖനിയിൽ നിന്നും പുറത്തെടുത്ത ഗാനങ്ങളും, സ്വർഗ്ഗകവാടം തുറന്നു ലഭിക്കുന്ന സംഗീതപ്പൂമഴയും ഈ തലമുറയിലും നമ്മോടുള്ള ദൈവസ്നേഹത്തിന്റെയും ദൈവിക പരിഗണനയുടെയും സാമീപ്യത്തിന്റെയും അടയാളമായി തുടർന്നുകൊണ്ടേയിരിക്കുന്നു.

മലയാള ക്രൈസ്തവ സംഗീത ശാഖ പാരമ്പര്യത്തിന്റെ പ്രൗഢഗരിമയിലും അപചയങ്ങളുടെ വേലിയേറ്റത്തിലാണ്. പദ്യ സാഹിത്യത്തോട് കൂറ് പുലർത്താത്തവയാണ് അധികം ക്രൈസ്തവഗാനങ്ങളും. ക്രൈസ്തവ മാധ്യമങ്ങളിലൂടെ ധാരാളം ചർച്ച ചെയ്യപ്പെട്ട വിഷയമാണിത്. പരസ്പര ബന്ധമില്ലാത്ത വാക്കുകൾ ചേർത്ത് കൃത്രിമ സംഗീതം നൽകി പാടിത്തീർക്കേണ്ടവയല്ല ക്രിസ്തീയ ഗാനങ്ങൾ. അന്ധമായ പാശ്ചാത്യ സംഗീതത്തെ അനുകരിക്കുന്നതാണ് അടു

(ശേഷം മൂന്നാം പേജിൽ)


## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
7. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com,
Website: www.indianchristianmission.com


*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*